LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) ശബരിമല മാസ്റ്റർ പ്ലാൻ പദ്ധതികൾ ഘട്ടംഘട്ടമായി നടപ്പിലാക്കിവരുന്ന ബൃഹത് പദ്ധതിയാണ്. നിലയ്ക്കലിൽ വിശ്രമപന്തൽ 400 ലാട്രിനുകൾ, കുടിവെള്ള ശൃംഖല, കുടിവെള്ള സംഭരണികൾ, പാർക്കിംഗ് ഗ്രൗണ്ടിലേക്കുള്ള റോഡുകൾ/പോലീസ് സ്റ്റേഷൻ ഉദ്യോഗസ്ഥർക്ക് താമസസൗകര്യങ്ങൾക്കുള്ള 3 ബഹുനില കെട്ടിടങ്ങൾ, ഖരമാലിന്യ നിർമ്മാർജ്ജനത്തിനുള്ള 400 Kg/hr ശേഷിയുള്ള ഇൻസിനറേറ്ററുകൾ, പള്ളിക്കുളം നവീകരണം പാർക്കിംഗ് ഗ്രൗണ്ടുകൾ എന്നിവ ചെയ്തിട്ടുണ്ട്. പമ്പയിൽ വിശ്രമപന്തൽ, ഇൻസിനറേറ്റർ, ഗാർബേജ് ഷെഡ്, അപ്പാച്ചിമേട്ടിലും, നീലിമലയിലും കാർഡിയോളജി സെന്റർ, പമ്പയിൽ 160 ലാട്രിനുകൾ, അപ്പാച്ചിമേട്ടിൽ വിശ്രമസങ്കേതം, ചന്ദ്രാനന്ദൻ റോഡ് വികസനം, അപ്പാച്ചിമേട്, നീലിമല ഭാഗത്ത് 4 സ്ഥലങ്ങളിൽ മേൽക്കൂര എന്നിവ ചെയ്തിട്ടുണ്ട്. കൂടാതെ ശബരിമലയിൽ 3200 ലാട്രിനുകൾ, 80 ബാത്ത്റൂമുകൾ എന്നിവ നിർമ്മിച്ചു. 20 ലക്ഷം ലിറ്റർ ലിറ്റർ സംഭരണശേഷിയുള്ള ജലസംഭരണികൾ, സന്നിധാനത്തു നിന്നും മാളികപ്പുറത്തേക്കുള്ള ഫ്ളൈ ഓവറിനു മുകളിൽ മേൽക്കൂര, ശബരിമലയിൽ ഇൻസിനറേറ്റർ എന്നിവയും നിർമ്മിച്ചിട്ടുണ്ട്. കൂടാതെ ക്യൂ കോംപ്ലക്സ് നിർമ്മാണം, റോപ്പ്വേ നിർമ്മാണം, അന്നദാന മണ്ഡപത്തിന്റെ നിർമ്മാണം, പ്രസാദ മണ്ഡപത്തിന്റെ നിർമ്മാണം, പരമ്പരാഗത പാതയുടെയും സ്വാമി അയ്യപ്പൻ റോഡിന്റെയും വിപുലീകരണം, കാനനപാതയിൽ മേൽക്കൂര നിർമ്മാണം, സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകളുടെ നിർമ്മാണം, നിലയ്ക്കൽ ക്ഷേത്രവികസനം, പാർക്കിംഗ് സൗകര്യങ്ങളുടെ വിപുലീകരണം എന്നിവയ്ക്കും മുൻതൂക്കം നൽകുന്നു. നടപ്പു സാമ്പത്തിക വർഷം 20 കോടി രൂപയാണ്. മാസ്റ്റർ പ്ലാനിനായി തിരുവിതാംകൂർ ദേവസ്വം ബോർഡ് ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് കുളത്തൂപ്പുഴ, ആര്യങ്കാവ്, അച്ചൻകോവിൽ എന്നിവിടങ്ങളിലെ സൗകര്യം

246 (2004) ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യത്തിന് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ശബരിമല മണ്ഡലകാലം പ്രമാണിച്ച് കൊല്ലം ജില്ലയിലെ കുളത്തൂപ്പുഴ, ആര്യങ്കാവ്, അച്ചൻകോവിൽ എന്നീ തീർത്ഥാടന കേന്ദ്രങ്ങളിൽ അയ്യപ്പ ഭക്തർക്കായി എന്തെല്ലാം സേവനങ്ങളാണ് ഒരുക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ ?

ഉത്തരം

കുളത്തൂപ്പുഴയിൽ പാർക്കിംഗ് സൗകര്യം വിപുലപ്പെടുത്തി. കൂടുതൽ ലൈറ്റുകൾ ഉൾപ്പെടെ ഇലക്ട്രിഫിക്കേഷൻ പണികൾ ചെയ്തു. കൂടുതൽ സ്റ്റോറേജ് ടാങ്കുകളും ടാപ്പുകളും സ്ഥാപിക്കുന്നതുൾപ്പെടെയുള്ള വാട്ടർ സപ്ലൈയുടെ അറ്റകുറ്റപ്പണികൾ ചെയ്തു. ശുദ്ധജല വിതരണം കാര്യക്ഷമമാക്കി. ക്ഷേത്ര സമുച്ചയങ്ങളുടെ വാർഷിക അറ്റകുറ്റപ്പണികൾ ചെയ്തു. മാലിന്യങ്ങൾ മാറ്റാനുള്ള ഏർപ്പാടുകൾ ചെയ്ത് ശുചീകരണം മെച്ചപ്പെടുത്തി. ആര്യങ്കാവ് ദേവസ്വത്തിൽ ശുദ്ധജലവിതരണം കാര്യക്ഷമമാക്കാൻ കൂടുതൽ വാട്ടർ ടാങ്കും ടാപ്പുകളും സ്ഥാപിക്കുകയും അറ്റകുറ്റപ്പണികൾ പൂർത്തിയാക്കുകയും ചെയ്തു. നിലവിലുള്ള ടോയ്ലെറ്റ് ബ്ലോക്ക്, ക്യാമ്പ് ഷെഡ്, സ്റ്റാഫ് ക്വാർട്ടേഴ്സ് ഇവയുടെ അറ്റകുറ്റപ്പണികൾ നടത്തുകയും ഇലക്ട്രിഫിക്കേഷൻ പണികൾ ചെയ്യുകയും കുളിക്കടവുകളുടെ മെയിന്റനൻസ് നടത്തുകയും ചെയ്തു.

അച്ചൻകോവിൽ ദേവസ്വത്തിൽ നടപ്പാതയിലും നാലമ്പലത്തിനു പുറത്തും അകത്തും കൂടുതൽ ലൈറ്റുകൾ ഇടുന്നതുൾപ്പെടെയുള്ള ഇലക്ട്രിക് അറ്റകുറ്റപ്പണികൾ ചെയ്തു. നിലവിലുള്ള കേടായ പൈപ്പുകൾ മാറ്റി. വാട്ടർ സപ്ലൈ പണികൾ ചെയ്തിട്ടുണ്ട്. ക്ഷേത്ര സമുച്ചയത്തിന്റെ വാർഷിക മെയിന്റനൻസ് ചെയ്തു. ചുക്കുവെള്ളം വിതരണം സുഗമമാക്കുകയും ശുചീകരണം കാര്യക്ഷമമാക്കുകയും ചെയ്തു.

ദേവസ്വം ബോർഡ് സി.ബി.എസ്.ഇ. സ്കൂളുകളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി

247 (2005) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിൽ പ്രവർത്തിക്കുന്ന സി.ബി.എസ്.ഇ. സ്കൂളുകൾ എത്രയെന്നും അവ എവിടെയൊക്കെ എന്നും വ്യക്തമാക്കുമോ :

(ബി) പ്രസ്തുത സ്കൂളുകളുടെ പഠനനിലവാരവും അടിസ്ഥാന സൗകര്യവും മെച്ചപ്പെടുത്താൻ കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ എന്തെല്ലാം നടപടി സ്വീകരിച്ചു എന്നത് വെളിപ്പെടുത്തുമോ :

(സി) ഓരോ സ്കൂളിലെയും കുട്ടികളുടെ എണ്ണം എത്രയെന്നും ജീവനക്കാർ എത്രയെന്നും വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത സ്കൂളുകൾക്ക് സി.ബി.എസ്.ഇ. അഫിലിയേഷൻ ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏതൊക്കെ സ്കൂളുകൾക്കാണ് ലഭിച്ചിട്ടുള്ളത് : അഫിലിയേഷൻ താൽക്കാലികമാണോ സ്ഥിരമാണോ എന്നത് വ്യക്തമാക്കുമോ :

(ഇ) അഫിലിയേഷൻ ലഭിച്ചിട്ടില്ലെങ്കിൽ ആയത് ലഭ്യമാകുന്നതിന് എന്തെങ്കിലും നടപടി ദേവസ്വം ബോർഡ് സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്തു നടപടി സ്വീകരിച്ചു എന്നത് വെളിപ്പെടുത്തുമോ :

(എഫ്) ഏതെങ്കിലും സി.ബി.എസ്.ഇ. സ്കൂളുകളിൽ നിലവിലുള്ള ദേവസ്വം ബോർഡ് പ്രസിഡന്റോ അംഗങ്ങളോ സന്ദർശനം നടത്തിയിട്ടുണ്ടോ : ഉണ്ടെങ്കിൽ ഏതൊക്കെ സ്കൂളുകൾ എന്ന് വ്യക്തമാക്കുമോ ;

(ജി) ദേവസ്വം നിയന്ത്രണത്തിലുള്ള സി.ബി.എസ്.ഇ. സ്കൂളുകളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ ഗൗരവമായ ഇടപെടൽ നടത്തുമോ ?

ഉത്തരം

(എ) ചക്കുവള്ളി, കടയ്ക്കൽ, വെട്ടിക്കവല, വർക്കല എന്നീ സ്ഥലങ്ങളിലായി 4 സിബി.എസ്.ഇ. സ്കൂളുകൾ പ്രവർത്തിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly